**പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3208 13/10/2011-ൽ മറുപടിയ്ക്ക്

<u>അന്ധകാരനഴി വടക്കേ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

<u>ചോദ്യം</u>
ശ്രീ.പി. തിലോത്തമൻ

<u>മറുപടി</u>
ശ്രീ.കെ. ബാബു
എക്സൈസും തുറമുഖവും വകുപ്പുമന്ത്രി

| | |
|---|---|
| (എ)<br><br>അന്ധകാരനഴി വടക്കേ പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നിലച്ചിരിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ; ഇതിന്റെ നിർമ്മാണത്തിനുള്ള ഫണ്ടിന്റ ലഭ്യതയിൽ തടസ്സങ്ങളുണ്ടോ ; ഏത് ഫണ്ടാണ് ഇതിനുവേണ്ടി വിനിയോഗിക്കുന്നതെന്ന് അറിയിക്കുമോ ; | (എ)<br><br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരൻ ആകെയുള്ള 28 പൈലുകളിൽ 18 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. 2010 ജൂൺ മാസത്തിൽ വെള്ളപ്പൊക്കം മൂലം പാലത്തിനായി നിർമ്മിച്ച ബണ്ടുകൾ പൊട്ടിപ്പോവുകയും പണി തുടങ്ങാൻ കഴിയാതെ വരികയും ചെയ്തു. എന്നാൽ പിന്നീട് പണി തുടങ്ങാൻ അനുകൂലമായ സാഹചര്യത്തിലും പണി തുടങ്ങാത്തതിനാൽ കോൺട്രാക്ടർക്ക് പല പ്രാവശ്യം കത്തു നൽകുകയും ഉടൻ തന്നെ പണി ആരംഭിച്ച് പൂർത്തിയാക്കിയില്ലെങ്കിൽ കോൺട്രാക്ട് ടെർമിനേറ്റ് ചെയ്യും എന്ന് കാണിച്ച് ഫൈനൽ നോട്ടീസും നൽകിയിട്ടുണ്ട്. അന്ധകാരനഴി വടക്കേ പാലത്തിനായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 498 ലക്ഷം രൂപ വേണ്ടിവരും. SDGയിൽ 200 ലക്ഷം രൂപ അനുവദിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൻെറ പരിഗണനയിലാണ് |

| | |
|---|---|
| (ബി) അസധകാരനഴി സ്പിൽവേ റഗുലേറ്റർ നിർമ്മിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ബി) നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.